**No. CEE/5500/2017/KEAM-2018/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

# യുനാനി (ബി.യു.എം.എസ്) കോഴ്സിലേയ്ക്ക് പ്രവേശനത്തിനായുള്ള സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച്

WP(C) No. 34445/2018 നം. റിട്ട് പെറ്റിഷനിന്മേലുള്ള 24.10.2018 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം **കോഴിക്കോട് പുതുപ്പാടി മർക്കസ് യുനാനി മെഡിക്കൽ കോളേജിലെ** യുനാനി **(ബി.യു.എം.എസ്)** കോഴ്സിലേയ്ക്ക് പ്രവേശനം നടത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത കോളേജിലെ ബി.യു.എം.എസ് കോഴ്സിൽ ആകെയുള്ള 60 സീറ്റിൽ 85% സർക്കാർ സീറ്റുകൾ (51 സീറ്റുകൾ) നികത്തുന്നതിനായുള്ള സ്പോട്ട് അലോട്ട്മെന്റ് **27.10.2018 (ശനിയാഴ്ച) രാവിലെ 10 മണിയ്ക്ക് തിരുവനന്തപുരം ശാന്തിനഗർ ഹൗസിംഗ് ബോർഡ് ബിൽഡിംഗിലെ 5-ാം നിലയിൽ പ്രവർത്തിക്കുന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ** വച്ച് നടത്തുന്നതാണ്.

| | |
|---|---|
| വാർഷിക കോഴ്സ് ഫീസ് | **1,89,000/- രൂപ** |
| പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടുന്ന ഫീസ് | **1,00,000/- രൂപ**<br>[അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും-**1,000/- രൂപ**] |
| ഫീസ് ഒടുക്കേണ്ട വിധം | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി<br>ബാക്കി തുക ഒടുക്കേണ്ടതുണ്ടെങ്കിൽ അത് പ്രവേശന സമയത്ത് കോളേജിൽ ഒടുക്കേണ്ടതാണ്. |
| വിദ്യാഭ്യാസ യോഗ്യത | BUMS കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ പ്രത്യേകം ജയിച്ചിരിക്കണം. കൂടാതെ<br>(a) വിദ്യാർത്ഥി പത്താം ക്ലാസ്സിൽ ഉറുദു, അറബിക്, പേർഷ്യൻ എന്നിവയിലേതെങ്കിലും ഒരു വിഷയമായി പഠിച്ച് ജയിച്ചവരോ അല്ലെങ്കിൽ സർക്കാർ അംഗീകൃത സൊസൈറ്റി/ബോർഡ്/യൂണവേഴ്സിറ്റി നടത്തുന്ന ഉറുദു പ്രവേശന പരീക്ഷ ജയിച്ചവരോ ആയിരിക്കണം. **അല്ലെങ്കിൽ**<br>(b) ഒരു വർഷം ദൈർഘ്യമുള്ള പ്രീ-ടിബ് പരീക്ഷ ജയിച്ചിരിക്കണം. |

പ്രവേശനത്തിന് താത്പര്യമുള്ള വിദ്യാർത്ഥികൾ വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്നതിനുള്ള രേഖകൾ, നിർദ്ദിഷ്ട ഫീസിനുള്ള ഡിമാന്റ് ഡ്രാഫ്റ്റ്, KEAM 2018 ഡാറ്റാ ഷീറ്റ് എന്നിവ സഹിതം കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 29.10.2018 വൈകുന്നേരം 5 മണിയ്ക്കകം കോളേജിൽ പ്രവേശനം നേടടേണ്ടതാണ്.

**കുറിപ്പ്;** പ്രസ്തുത അലോട്ട്മെന്റ് താത്കാലികവും മേൽ റിട്ട് പെറ്റിഷനിലെ ബഹു. കേരള ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
25.10.2018

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**